ഖുത്വ്ബ
29.12.2006
ബയ്ത്തുസ്സുബുഹ്, ജർമനി

# പള്ളി നിർമ്മിച്ചാൽമാത്രം പോരാ, ജനവാസമുള്ളതാക്കുകയും വേണം

**ഈ** വർഷം നിർമ്മിച്ചിട്ടുള്ള പള്ളികളുടെ ഉദ്ഘാടനം നടത്തണമെന്ന അമീർ സാഹിബിന്റെ ആഗ്രഹമനുസരിച്ചാണ് ജർമ്മനി ജമാഅത്തിന്റെ ക്ഷണം സ്വീകരിച്ച് ഇപ്രാവശ്യം ഞാൻ വന്നിട്ടുള്ളത്. അദ്ദേഹം എന്നെ ഒരുമാസം മുമ്പേ വിളിക്കാൻ ആഗ്രഹിച്ചിരുന്നു. അത് ഡിസംബർ അവസാനത്തേക്ക് മാറ്റിയത് ഞാനാണ്. ചില പള്ളികൾക്ക് ശിലാസ്ഥാപനകർമ്മം നടത്തുകയും വേണം.

ഇവരോട്, അല്ല, ജർമ്മനി ജമാഅത്തിനോട് ഓരോ വർഷവും അഞ്ച് പള്ളിവീതം നിർമ്മിക്കുകയാണെങ്കിൽ ഉദ്ഘാടനത്തിനായി വരാമെന്നാണ് ഞാൻ വാഗ്ദാനം ചെയ്തിരുന്നത്. പക്ഷേ, ഈ വർഷം പണിതിട്ടുള്ള പള്ളികളുടെ എണ്ണം വെറും മൂന്നാണ്. ഈ പള്ളികളുടെ ഉദ്ഘാടനത്തിനായി വന്നതുകൊണ്ട് മൂന്നു പള്ളിയിൽ ഞാൻ തൃപ്തനായി എന്ന് കരുതരുത്. എന്തായാലും കുറച്ച് കൈയിൽ കിട്ടിയിരിക്കുകയാണ്. ബർലിനിലെ പള്ളിക്ക് തറക്കല്ലിടുക എന്ന ഉദ്ദേശ്യവും അതിയായ ആഗ്രഹവുമാണ് എന്നെ ഇവിടെ കൊണ്ടുവന്നത്. കാരണം ഇവിടെ പള്ളി പണിയുക എന്നതും ജമാഅത്തിനൊരു വെല്ലുവിളിയാണ്. ഇക്കാലത്തെ സ്ഥിതിഗതികളുടെ അടിസ്ഥാനത്തിലും ചരിത്രപരമായും ഈ സ്ഥലത്തിന് പ്രത്യേക പ്രാധാന്യമുണ്ട്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ)ന് ബർലിനിൽ പള്ളി പണിയുന്നതിന് അതിയായ ആഗ്രഹമുണ്ടായിരുന്നു. അതിനുവേണ്ടി പണവും സ്വരുക്കൂട്ടിയിരുന്നു. അത് നിങ്ങൾക്കെല്ലാവർക്കും അറിയുന്ന കാര്യങ്ങളാണ്. എന്നാൽ, ചില സാഹചര്യങ്ങളാൽ ആ പണം ലണ്ടനിലെ മസ്ജിദ് ഫള്ലിനായി ചെലവഴിക്കപ്പെട്ടു. ബർലിനിലെ പള്ളിക്കായി- ഞാൻ ഒന്നുരണ്ട് പ്രാവശ്യം മുമ്പേയും പറഞ്ഞതുപോലെ സ്ത്രീകളാണ് പണം സ്വരുക്കൂട്ടിയത്. വളരെ ത്യാഗം ചെയ്താണ് അവർ അത് സംഘടിപ്പിച്ചത്. അക്കാലഘട്ടത്തിൽ ഇന്ത്യയിലെ ലജ്ന ഇമായില്ലാ അംഗങ്ങൾ അവരിലധികവും ഖാദിയാൻകാരെന്നു പറയണം, ഏകദേശം ഒരു ലക്ഷം രൂപ പിരിച്ചെടുത്തു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ)ന്റെ സന്നിധിയിൽ സമർപ്പിക്കുകയായിരുന്നു. അക്കാലഘട്ടത്തെ സംബന്ധിച്ചിടത്തോളം അതൊരു വൻതുകയായിരുന്നു. അതിലധികവും ഖാദിയാനിലെ ദരിദ്രരായ അഹ്മദിസ്ത്രീകളുടെ ത്യാഗമായിരുന്നു. ഇതിനെക്കുറിച്ച് ഞാൻ മുമ്പേയും പറഞ്ഞിട്ടുള്ളതാണ്. ചിലർ അവർ വളർത്തിയിരുന്ന കോഴികളുമായി വന്നു. ചിലർ മുട്ടകൾ കൊണ്ടുകൊടുത്തു. ചിലർ ആടുകളെ നൽകി. വീട്ടിൽ ഒന്നുമില്ലാത്തവർ വീട്ടിലെ പാത്രങ്ങൾ എടുത്തുകൊണ്ടുവന്നു. എന്നല്ല, ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഒരുപ്രാവശ്യം ഇതിനെക്കുറിച്ച് പറഞ്ഞപ്പോൾ സ്ത്രീകളിലുണ്ടായ ആവേശം അപാരമായിരുന്നു. വീട്ടിലെ സകല സാധനങ്ങളും കൊടുക്കണമെന്ന് അവർ ആഗ്രഹിച്ചു. ഒരു സ്ത്രീ അവർക്കുണ്ടായിരുന്ന ആഭരണങ്ങൾ ഇതിലേക്ക് കൊടുത്തു. അവർ വളരെ ദരിദ്രയായിരുന്നു. നിസ്സാരമായ ആഭരണമേയുണ്ടായിരുന്നുള്ളൂ. വീട്ടിൽ തിരിച്ചെത്തിയിട്ട് ഞാൻ വീട്ടുസാധനങ്ങൾ കൂടി കൊടുത്തിട്ട് വരട്ടെയെന്ന് ഭർത്താവിനോട് പറഞ്ഞപ്പോൾ നീ കൊടുത്ത ആഭരണം മതിയെന്ന് അദ്ദേഹം പറഞ്ഞു. അപ്പോൾ അവർ പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു: ഇപ്പോൾ എന്റെ ഉള്ളിലുള്ള ആവേശം എന്താണെന്നു വെച്ചാൽ എനിക്ക് സാധിക്കുമായിരുന്നെങ്കിൽ നിങ്ങളേയും വിറ്റിട്ട് ഞാൻ വരുമായിരുന്നു. ഇങ്ങനെ പറയാൻ പാടില്ലാത്തതാണ്. പക്ഷേ, അക്കാലഘട്ടത്തിൽ അല്ലാഹുവിന്റെ വഴിയിൽ ചെലവഴിക്കാനുള്ള സ്ത്രീകളുടെ ആവേശമാണ് ഇതിൽ മുഴച്ചുനില്ക്കുന്നത്. അവരുടെ ത്യാഗങ്ങൾ കാണുമ്പോൾ അത്ഭുതം തോന്നുന്നു. അക്കാലഘട്ടത്തിൽ സ്ത്രീകളുടെ ത്യാഗംവെച്ചുനോക്കുമ്പോൾ ഇന്ന് നിങ്ങൾ അങ്ങേയറ്റം സമ്പന്നസ്ഥിതിയിലാണ് ജീവിക്കുന്നത്. വ്യത്യാസം വളരെ വ്യക്തമായും പ്രകടമാണ്. അവരുടെ ത്യാഗത്തിനനുസരിച്ചുള്ള ത്യാഗം ചെയ്യാൻ നിങ്ങൾക്കായിട്ടില്ല. നൂറു പള്ളിനിർമ്മാണത്തിനായി മജ്ലിസ് അൻസാറുല്ലാഹ് ഒരുതുക വാഗ്ദാനം ചെയ്തിരുന്നു. ഞാനന്ന് എല്ലാവർക്കും ടാർഗറ്റ് നൽകിയിരുന്നു. അതിൽ ഇവരുടേത് അഞ്ച് ലക്ഷമോ മറ്റോ ആയിരുന്നു. ഇന്നയിന്ന ചെലവുകൾ ഉണ്ടായതുകൊണ്ട് മജ്ലിസ് അൻസാ

റുല്ലായ്ക്ക് അവരുടെ വാഗ്ദാനം പൂർത്തീകരിക്കാൻ സാധിച്ചില്ല. അതുകൊണ്ട് കേന്ദ്രം ഇത്രകാലത്തേക്ക് ഞങ്ങൾക്ക് കുറച്ച് കടം തരികയെന്ന് കുറച്ചുനാൾ മുമ്പേ നിങ്ങളുടെ സദ്ർ സാഹിബ് എനിക്ക് എഴുതിയിരുന്നു. ഇതൊട്ടും പ്രതീക്ഷിക്കേണ്ട എന്ന് ഞാൻ അന്ന് അദ്ദേഹത്തിന് മറുപടി കൊടുത്തിരുന്നു. ഒരു ദുശ്ശീലമുണ്ടാക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെന്നും ഒരുപ്രാവശ്യം ഈ ദുശ്ശീലമുണ്ടായിക്കഴിഞ്ഞാൽ മറ്റുള്ള കാര്യങ്ങളിലേക്കും അത് വ്യാപിക്കുമെന്നും അതുകൊണ്ട് ഞാനിത് അനുവദിക്കുകയില്ലെന്നും സ്വന്തമായി അധ്വാനിച്ച് സ്വയം പണം കണ്ടെത്തുകയെന്നുമാണ് ഞാനന്ന് പറഞ്ഞത്. അവർ വാഗ്ദാനം പൂർത്തിയാക്കിയോ എന്ന് എനിക്കറിയില്ല. എന്തായാലും അവരുടെ ആവശ്യം ഞാനന്ന് നിഷേധിക്കുകയാണ് ചെയ്തത്. ഇനിയിവർ കൂടുതൽ സമ്മർദ്ദം ചെലുത്തുകയോ വേറേതെങ്കിലും സംഘടന ഇത് സംബന്ധിച്ച് എഴുതുകയോ ചെയ്യുകയാണെങ്കിൽ ഈ സമ്പന്നരായ അഹ്മദീ സഹോദരീസഹോദരന്മാരെ സഹായിക്കുകയെന്നും കാരണം ഇവർ ധൈര്യം കൈവെടിയുന്നു എന്നും ഒരണ, രണ്ടണ സ്വരുക്കൂട്ടി ഇവർക്കയച്ചുകൊടുക്കുക എന്നും പാക്കിസ്ഥാനിലെ അഹ്മദികളോട് പറയണമെന്നും ഞാൻ വിചാരിച്ചിരുന്നു. എന്നാൽ എന്റെ ആദ്യ മറുപടിതന്നെ നല്ല സ്വാധീനമുണ്ടാക്കിയെന്ന് ഞാൻ കരുതുന്നു. ഓരോ ശാഖാ സംഘടനയും അവരവരുടെ സ്വന്തം കാലിൽ എഴുന്നേറ്റുനില്ക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ഞാൻ പറഞ്ഞുവന്നത് ബർലിനിലെ പള്ളി നിർമ്മാണം എന്റെ ദൃഷ്ടിയിൽ വളരെ പ്രാധാന്യമർഹിക്കുന്നുവെന്നാണ്. ഏകദേശം 86 വർഷം കഴിഞ്ഞ് ഇപ്പോൾ സ്ഥിതി നന്നായതിനുശേഷം നാമത് നിർമ്മിക്കാൻ പരിശ്രമിക്കുകയാണ്. ഇൻശാഅല്ലാഹ് നാമത് നിർമ്മിക്കുന്നതാണ്. അല്ലാഹുതആല ഇന്ന് ജർമ്മനിയെ വീണ്ടും ഒന്നാക്കിക്കൊണ്ട്- പശ്ചിമജർമ്മനിയേയും പൂർവ്വജർമ്മനിയേയും ബർലിൻമതിൽ വീഴ്ത്തി ഒന്നാക്കിക്കൊണ്ട് അവിടെ പള്ളി നിർമ്മിക്കുക എന്ന നമ്മുടെ ആഗ്രഹം പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഇൻശാഅല്ലാഹ്. അതുകൊണ്ട് ഇപ്പോഴത്തെ നല്ല അന്തരീക്ഷത്തെ മുതലാക്കാൻ ശ്രമിക്കേണ്ടതാണ്. നിർമ്മാണം ഇൻശാഅല്ലാഹ് ഉടനെ തുടങ്ങുന്നതായിരിക്കും. അതിന്റെ നിർമ്മാണം പെട്ടെന്ന് തീരുകയും വേണം.

ജനുവരി 2-ാം തിയ്യതി പള്ളിക്ക് തറക്കല്ലിടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇൻശാഅല്ലാഹ്. നിങ്ങളോടും ലോകത്തെങ്ങുമുള്ള എം.ടിഎ പ്രേക്ഷകരോടും ഞാൻ പറയട്ടെ എല്ലാവിധത്തിലും അവസ്ഥകൾ നമുക്കനുകൂലമായിരിക്കാൻ വേണ്ടി അല്ലാഹുവിനോട് ദുആ ചെയ്യുക. ശിലാസ്ഥാപന കർമ്മം നടത്താനും എത്രയും വേഗം പള്ളി നിർമ്മാണം പൂർത്തിയാക്കാനും അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ. പടച്ചവന്റെ കൃപയാൽ സർക്കാർ സ്ഥാപനങ്ങളിൽനിന്ന് അനുവാദം കിട്ടിക്കഴിഞ്ഞു. പക്ഷേ, തദ്ദേശവാസികളിൽ നാഷണലിസ്റ്റ് എന്നറിയപ്പെടുന്ന ഒരുവിഭാഗം ശക്തമായി എതിർത്തുകൊണ്ടിരിക്കുകയാണ്.

കുറച്ചുമാസം മുമ്പേ പ്രാദേശിക കൗൺസിൽ കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നതിനായി എല്ലാ നേതാക്കന്മാരേയും വിളിച്ചുകൂട്ടിയപ്പോൾ ഇക്കൂട്ടർ മീറ്റിംഗ് നടത്താൻ അനുവദിച്ചില്ല. വളരെ ശക്തമായി അവരതിനെ എതിർത്തു. വളരെ പ്രയാസപ്പെട്ടാണ് നമ്മുടെ ആളുകൾ അവിടെനിന്ന് രക്ഷപ്പെട്ടുവന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരുപാട് ദുആ ചെയ്യേണ്ട ആവശ്യമുണ്ട്.

നിങ്ങളുടെ അമീർസാഹിബ് ലണ്ടനിൽ വന്ന് എന്നെ കണ്ടപ്പോൾ ഒരു തീരുമാനവും എടുക്കാൻ കഴിയാതെ അദ്ദേഹം വല്ലാത്തൊരു വിഷമസന്ധിയിലായിരുന്നു. കഴിഞ്ഞമാസം നടന്ന കാര്യമാണിത്. എങ്ങനെയാണ് പള്ളിയുടെ ശിലാസ്ഥാപനം എന്നെകൊണ്ട് നടത്താൻ കഴിയുക. അല്ലെങ്കിൽ എങ്ങനെയാണ് അത് നിർവ്വഹിക്കാൻ കഴിയുക തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കാൻ ജമാഅത്തിനും സാധിച്ചിരുന്നില്ല. ഞാനവരോട് ഇൻശാഅല്ലാഹ് ഞാൻ തന്നെ പള്ളിയുടെ ശിലാസ്ഥാപനം നിർവഹിക്കുമെന്ന് പറഞ്ഞു. സ്ഥിതികൾ ഇങ്ങനെയൊക്കെ നല്ലതായ കാരണത്താൽ ശിലാസ്ഥാപനം നടത്താൻ പോകാതിരിക്കേണ്ട ആവശ്യമില്ല. ഇൻശാഅല്ലാഹ് ശിലാസ്ഥാപനകർമ്മത്തിന് ഞാൻ വരുമെന്നും അല്ലാഹു സഹായിക്കുമെന്നും അമീർസാഹിബിനെ അറിയിച്ചു. എതിർക്കുന്ന ഈ സംഘം കൂടിയാൽ കുറച്ച് കല്ലെറിയുമെന്നല്ലാതെ അവർക്കെന്താണ് ചെയ്യാൻ കഴിയുക? നമ്മുടെ വഴിയിൽ അതൊന്നും തടസ്സമാകാൻ പാടില്ല. എന്നു ഞാൻ പറഞ്ഞപ്പോൾ അമീർസാഹിബ് തമാശയെന്നോണം ജർമ്മൻകാർ കല്ലെറിയാറില്ല, തക്കാളിയേ എറിയൂ എന്ന് പറഞ്ഞു. എന്തായാലും സംഘാടകർക്ക് ചില ആശങ്കകളുണ്ട്. എന്നാൽ, സദുദ്ദേശ്യത്തോടുകൂടി അല്ലാഹുവിന്റെ ഭവനം നിർമ്മിക്കാനും അവനെ ആരാധിക്കാനും അവനെ ആരാധിക്കുന്നവരെ സൃഷ്ടിക്കാനും ഇസ്‌ലാമിന്റെ സ്നേഹത്തിന്റേയും സമാധാനത്തിന്റേയും സന്ദേശം എത്തിക്കാനും അല്ലാഹുവിന്റെ തിരുസ

ന്നിധിയിൽ പ്രണാമം ചെയ്തുകൊണ്ടും എപ്പോഴും എല്ലാവിധ അപകടങ്ങളിൽനിന്നും നമ്മെ രക്ഷിച്ച സർവ്വശക്തനായ അവനോട് ദുആ ഇരന്നുകൊണ്ടും നാം ഈ നല്ല കാര്യത്തിന് ഇറങ്ങിയാൽ ഇൻശാഅ ല്ലാഹ് എല്ലാ കാര്യങ്ങളും അവൻ എളുപ്പമാക്കിത്ത രുന്നതാണ്.

ജർമ്മൻജനത ബർലിനിൽ ചിലർ പ്രകടിപ്പിക്കു ന്നതുപോലെ അത്ര കഠിനഹൃദയരല്ല. ഒന്ന് നാഷണി ലിസ്റ്റുകാരാണ്. ദേശീയവാദികൾ ഏത് ജനതയിലും ഉണ്ടാകും. പൂർവ്വജർമ്മനിയിൽ ദീർഘകാലമായി നിലനിന്ന പ്രത്യേക അവസ്ഥകൾ കാരണത്താൽ പ്രത്യേക പ്രതികരണമാണുള്ളത്. കൂടുതലും പരു ക്കൻ സ്വഭാവക്കാരായിതീർന്നിരിക്കുന്നു. മറ്റൊരു നിർഭാഗ്യത, ചില മുസ്‌ലിം സംഘടനകൾ ഈ അന്ത രീക്ഷത്തെ കൂടുതൽ മലീമസമാക്കിയിരിക്കുന്നു എന്നതാണ്. ഇക്കാരണത്താൽ ഇവർ ഒരു മുസ്‌ലിം സംഘടനകളേയും വിശ്വസിക്കാൻ തയ്യാറല്ല. ഇസ്‌ലാ മിന്നെതിരിലുള്ള ആക്ഷേപങ്ങളെ ദൈവികാനുഗ്രഹ ത്താൽ പ്രതിരോധിക്കേണ്ടവരും അല്ലാഹുവിന്റെ ദാസന്മാരെ അവന്റെ തിരുസന്നിധിയിൽ പ്രണാമം ചെയ്യുന്നവരാക്കേണ്ടവരും സ്നേഹം വിതരണം ചെയ്യേണ്ടവരും ഇസ്‌ലാമിന്റെ യഥാർത്ഥവും മനോ ഹരവുമായ അദ്ധ്യാപനം ലോകത്ത് പ്രചരിപ്പിക്കേ ണ്ടവരും ഇന്ന് അഹ്മദികളാണ്. ഇൻശാഅല്ലാഹ്.

അതുകൊണ്ട് പള്ളിനിർമ്മാണത്തിനിടയിൽ ഒരുതരത്തിലുള്ള പ്രശ്നവും ഉണ്ടാകാതിരിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. എതിരാളികൾ ശക്ത മായി രംഗത്തു വരികയാണെങ്കിൽ നിങ്ങൾ ക്ഷമ യുടെ കോന്തല വിട്ടുകളയരുത്. ഇന്നലെ ഖാദിയാ നിലെ ജൽസാ വേളയിൽ ഞാൻ ഇവിടെനിന്ന് ചെയ്ത പ്രസംഗത്തിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)നുണ്ടായ ഇൽഹാം കേൾപ്പിച്ചുകൊണ്ട് പറ ഞ്ഞതും ഇതുതന്നെയാണ്. അതായത്, നമ്മോട് കല്പി ച്ചിട്ടുള്ളത് ക്ഷമിക്കുക എന്നാണ്. സമയം വരുമ്പോൾ അല്ലാഹു എല്ലാ കാര്യങ്ങളും പ്രകടിപ്പിക്കുകയും എല്ലാം എളുപ്പമാക്കിത്തരികയും ചെയ്യും.

ഇംഗ്ലണ്ടിൽ ഹാട്‌ലെ പൂളിലെ പള്ളിയുടെ ശിലാസ്ഥാപനം നടക്കുകയും നിർമ്മാണപ്ര വർത്തനം തുടങ്ങുകയും ചെയ്തപ്പോൾ അവിടേയും ചില ഇസ്‌ലാംവിരോധ സംഘടനകൾ, യുവാക്കൾ, കല്ലെറിയുകയുണ്ടായി. ചില്ലുകൾ പൊട്ടി. ഇതെല്ലാം അവിടേയും നടന്നിരുന്നതാണ്. പക്ഷേ, ജമാഅ ത്തിന്റെ പ്രവർത്തനമാതൃകയും സന്ദർഭോചിതമായ പ്രതികരണവും കാരണത്താൽ അവിടുത്തെ പരിസ രവാസികൾതന്നെ നമുക്കനുകൂലമായി പ്രതിരോധി ക്കാൻ തുടങ്ങി. ഇപ്പോൾ ദൈവകൃപയാൽ അവി ടുത്തെ ആളുകൾ പറയുന്നത് ഇസ്‌ലാമിനെക്കുറി ച്ചുള്ള തെറ്റായ ധാരണകൾ ഞങ്ങളിൽനിന്ന് തികച്ചും കഴുകിക്കളഞ്ഞത് നിങ്ങളാണെന്നാണ്. അതിനാൽ ഇവിടെ സൃഷ്ടിക്കപ്പെട്ട തെറ്റായ ധാരണകളും കാല ത്തിനൊത്ത് അകലുന്നതായിരിക്കും. നിങ്ങൾ ഇസ്‌ലാ മിന്റെ പാഠങ്ങൾ ഇവർക്ക് പറഞ്ഞുകൊടുക്കുക. ഇത് നിങ്ങളുടെ കടമയാണ്. നമ്മൾ ഈ പള്ളി നിർമ്മി ക്കുന്നത് അല്ലാഹു നിർമ്മിച്ച ആദ്യത്തെ പള്ളിയുടെ ഉദ്ദേശ്യപൂർത്തീകരണത്തിനുവേണ്ടി മാത്രമാണെന്ന് അവരോട് പറയുക. അതിന് ശിലാസ്ഥാപനം ചെയ്തു കൊണ്ട് ആ പിതാവും പുത്രനും ചെയ്ത പ്രാർത്ഥന ഇതായിരുന്നു.

رَبَّنَا وَاجْعَلْنَا مُسْلِمَيْنِ لَكَ وَمِنْ ذُرِّيَّتِنَا أُمَّةً مُسْلِمَةً لَكَ وَأَرِنَا مَنَاسِكَنَا وَتُبْ عَلَيْنَا إِنَّكَ أَنْتَ التَّوَّابُ الرَّحِيمُ ﴿١٢٩﴾

ഞങ്ങളുടെ രക്ഷിതാവേ, നീ ഞങ്ങളിരുവ രേയും നിന്നെ അനുസരിക്കുന്നവരാക്കേണമേ. ഞങ്ങ ളുടെ സന്തതികളിൽ നിന്ന് നിന്നെ അനുസരിക്കുന്ന ഒരു സമുദായത്തെ എഴുന്നേല്പിക്കേണമേ. ഞങ്ങൾക്ക് ഞങ്ങളുടെ ആരാധനകളുടേയും ത്യാഗ ങ്ങളുടേയും വിധങ്ങൾ നീ പഠിപ്പിച്ചുതരേണമേ. ഞങ്ങളെ നിന്റെ കല്പനകൾ പാലിച്ച് നടക്കുന്നവ രാക്കേണമേ (2:129). നിന്നോടും നിന്റെ സൃഷ്ടികളോ ടുമുള്ള കടമകൾ നിറവേറ്റുന്നവരാക്കേണമേ. സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും സന്ദേശം ലോകത്ത് പ്രചരിപ്പിക്കുന്നവരാക്കേണമേ. ഞങ്ങൾ മാത്രമല്ല ഞങ്ങളുടെ മക്കളും ഈ നന്മകളിൽ ഏറ്റവും കൂടുതൽ പങ്കെടുക്കുന്നവരായിത്തീരേണ മേ. ഈ വീടിന്റെ ശിലാസ്ഥാപനോദ്ദേശ്യം നിന്നെ ആരാധിക്കുന്നവരായി തീരുക എന്നതാണല്ലോ. അതു കൊണ്ട് നിന്റെ സന്തോഷം കരസ്ഥമാക്കുംവിധമു ള്ള ആരാധനാവിധങ്ങൾ ഞങ്ങൾക്ക് പഠിപ്പിച്ചുതരേ ണമേ. എപ്പോഴും ഞങ്ങൾ നിന്റെ വഴിയിൽ നിന ക്കുവേണ്ടി ത്യാഗം വരിക്കുന്നവരും നിന്നെ ആരാ ധിക്കുന്നവരും ആയിരിക്കാൻ സൗഭാഗ്യം നല്കേണ മേ. പിന്നീട് അല്ലാഹു ഈ പ്രാർത്ഥനയും നമ്മോട് പറഞ്ഞു.

وَإِذْ يَرْفَعُ إِبْرَاهِيمُ الْقَوَاعِدَ مِنَ الْبَيْتِ وَإِسْمَاعِيلُ رَبَّنَا تَقَبَّلْ مِنَّا إِنَّكَ أَنْتَ السَّمِيعُ الْعَلِيمُ ﴿١٢٨﴾

ഞങ്ങളുടെ നാഥാ ഞങ്ങളുടെ ദുആകൾ സ്വീകരിക്കേണമേ. ഞങ്ങളുടെ ത്യാഗങ്ങൾ കൈക്കൊള്ളേണമേ. നിന്നെ ആരാധിക്കുന്നതിലേക്ക് ശ്രദ്ധിക്കുന്നതിനും നിന്റെ കല്പനകൾ പാലിച്ച് ജീവിക്കുന്നതിനും വേണ്ടിയുള്ള ഞങ്ങളുടെ പരിശ്രമത്തെ നിന്റെ കാരുണ്യംകൊണ്ട് സ്വീകരിച്ച് അതിൽ അനുഗ്രഹം ചൊരിയേണമേ. ഇതിനു മുമ്പേവന്ന വചനത്തിൽ പറയുന്നത് ഇങ്ങനെയാണ്. ***റബ്ബിജ്അൽ ഹാദാ ബലദൻ ആമിനൻ*** എന്റെ നാഥാ, നീ ഇതിനെ ഒരു നിർഭയനഗരമാക്കേണമേ. (2:127) അതുകൊണ്ട് നമ്മുടെ പള്ളികൾ എവിടെ നിർമ്മിക്കപ്പെട്ടാലും അത് ഏത് പ്രദേശത്താണെങ്കിലും ഏത് പട്ടണത്തിലാണെങ്കിലും സമാധാനസന്ദേശം എത്തിക്കുന്നതിനു വേണ്ടിയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുന്നവർക്കു വേണ്ടിയുമായിരിക്കുമെന്ന് നിങ്ങൾ വിളംബരം ചെയ്യുക. അവരോട് പറയുക, നിങ്ങൾ ആശങ്കപ്പെടേണ്ട. അല്ലാഹുവിന്റെ തിരുസന്നിധിയിൽ പ്രണാമം ചെയ്യുന്നവരുടെ സ്നേഹത്തിന്റെ ഉറവകൾ ഞങ്ങളുടെ പള്ളിയിൽ നിന്ന് പൊട്ടിപ്പുറപ്പെടുന്നത് നിങ്ങൾ കാണുന്നതായിരിക്കും. ഞങ്ങളുടെ പള്ളികളുടെ മിനാരങ്ങളിൽനിന്ന് അല്ലാഹുവിന്റെ, അവസാനത്തേതും പരിപൂർണ്ണവുമായ ന്യായപ്രമാണത്തിന്റെ അദ്ധ്യാപനങ്ങളുടെ പ്രകാശകിരണങ്ങൾ നാലുഭാഗത്തും പരക്കുന്നതായിരിക്കും. അതുകൊണ്ട് ഞങ്ങളെ ഒരുതരത്തിലും ഭയപ്പെടേണ്ടതില്ല. ഞങ്ങൾ ലോകത്തിന്റെ ഭയമകറ്റുന്നവരാണ്. ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് ത്യാഗങ്ങൾ സമർപ്പിക്കുന്നവരാണ് ഞങ്ങൾ. സ്വന്തം അവകാശങ്ങൾ ത്യജിച്ചുകൊണ്ട് മറ്റുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നവരാണ് ഞങ്ങൾ. ഈ സന്ദേശം ഇവിടുത്തെ ഓരോ ദേശവാസിക്കും എത്തിച്ചുകൊടുക്കുക. ഇതിനുവേണ്ടി നിങ്ങളുടെ ഉള്ളിൽ പരിവർത്തനമുണ്ടാക്കുക. എന്നാൽ, ഇവരിൽനിന്ന് സൽപ്രകൃതക്കാരായ ആളുകൾ നിങ്ങൾക്കുവേണ്ടി പ്രതികരിക്കുന്നതിന് എഴുന്നേല്ക്കുന്നത് നിങ്ങൾ കാണും.

ഇതിനുമുമ്പേയും പലപ്രാവശ്യം ഈ രാജ്യത്തും മറ്റു രാജ്യങ്ങളിലും അനുഭവത്തിലൂടെ മനസ്സിലാക്കിയിട്ടുള്ള കാര്യങ്ങളാണിത്. ഇവിടെ ജർമ്മനിയിലും പല സ്ഥലങ്ങളിലും നമ്മുടെ പള്ളികൾ നിർമ്മിച്ചിട്ടുണ്ട്. അപ്പോഴൊക്കെ ആദ്യം ഇതുപോലുള്ള ആക്ഷേപം തദ്ദേശവാസികളിൽനിന്നും ഉണ്ടായിരുന്നു. ഇപ്പോൾ അവർ സ്വയം നമ്മോട് സഹകരിക്കുന്നു. നിങ്ങൾ സദുദ്ദേശ്യത്തോടുകൂടി ത്യാഗങ്ങൾ വരിച്ചുകൊണ്ട് പള്ളികൾ നിർമ്മിക്കാൻ ശ്രമിക്കുകയാണെങ്കിൽ ബർലിനിൽ ഒന്നല്ല ഒരുപാട് പള്ളികൾ നിർമ്മിക്കുന്നവരായിത്തീരും. അതിനുള്ള നിബന്ധന ആത്മാർത്ഥതയോടെ ത്യാഗങ്ങൾ ചെയ്തുകൊണ്ടിരിക്കുക എന്നതാണ്. അല്ലാഹു നമ്മുടെ ഈ പരിശ്രമവും ത്യാഗവും സ്വീകരിക്കാൻ വിനയാന്വിതരായിക്കൊണ്ട് നാം അവനോട് ദുആ ചെയ്തുകൊണ്ടിരിക്കുക.

വാഗ്ദാനം പൂർത്തീകരിക്കുന്നതിനായി കേന്ദ്രത്തിൽനിന്ന് കടം ചോദിക്കുക എന്നതല്ല, ഞാനതിന് ഉദാഹരണം പറയുകയുണ്ടായി. ലോകത്ത് ധാരാളം ദരിദ്രജമാഅത്തുകളുണ്ട്. അവരെ സഹായിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. കഴിവുള്ള നിങ്ങൾക്ക് പണം തന്നാൽ മറ്റുള്ള സ്ഥലങ്ങളിലെ എല്ലാ നിർമ്മാണപ്രവർത്തനവും നിലച്ചുപോകും. പള്ളികളും മിഷൻ ഹൗസുകളും നിർമ്മിക്കുന്നതിനേയും മറ്റു തബ്‌ലീഗ് പരിപാടികളേയും അത് ബാധിക്കുന്നതാണ്. അവരെ സഹായിക്കൻ പണം തികയാതെ വരും. അതുകൊണ്ട് സ്വന്തം കാലിൽ നില്ക്കാൻ നിങ്ങൾ ശ്രമിക്കുക. ത്യാഗങ്ങൾ വരിച്ചുകൊണ്ട് ഞാൻ പറഞ്ഞതുപോലെ താഴ്മയോടെ അല്ലാഹുവിന്റെ സന്നിധിയിൽ വിലപിക്കുക. അല്ലാഹുവേ നീ ഞങ്ങളുടെ ത്യാഗങ്ങൾ സ്വീകരിക്കേണമേ. കൂടുതൽ കൂടുതൽ ത്യാഗങ്ങൾ ചെയ്യാൻ ഞങ്ങൾക്ക് തൗഫീഖ് നൽകേണമേ എന്ന് പ്രാർത്ഥിക്കുക.

സാമ്പത്തികത്യാഗം ചെയ്യുക എന്നതിന്റെ അർത്ഥം തന്നെ, സ്വയം ഞെരുക്കം അനുഭവിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചെലവഴിക്കുക എന്നതാണ്. ദൈവാനുഗ്രഹത്താൽ ജർമ്മനിയിൽ ഇത്തരം നല്ലനിലയിൽ എത്തിയിട്ടുള്ള അത്തരക്കാർ ഉണ്ട്. പക്ഷേ, എങ്കിലും ചില സ്ഥലങ്ങളിൽ ഇനിയും ഒരുപാട് സാധ്യതകൾ ബാക്കിയുണ്ട്. നിങ്ങളുടെ ജീവന്റേയും ധനത്തിന്റേയും സമയത്തിന്റേയും ത്യാഗം തന്നെയാണ് ജർമ്മൻകാരുടെ ഹൃദയത്തെ ജയിച്ചടക്കേണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിലും അവിടത്തെ വാദത്തെക്കുറിച്ചുള്ള സന്ദേശം ഇവിടെ എത്തിയിരുന്നു. നമ്മുടെ അശ്രദ്ധ കാരണമായിരുന്നില്ലെങ്കിൽ ഒരുപാട് പ്രവർത്തനങ്ങൾ ഇവിടെ നടക്കുമായിരുന്നു. ഇനി നിങ്ങൾ ആമടികളെല്ലാം അകറ്റിക്കൊണ്ട് പ്രവർത്തിക്കേണ്ടതാണ്.

ഒരു ജർമ്മൻസ്ത്രീ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് എഴുതിയ കത്തിനെക്കുറിച്ച് ഞാൻ പറയാം. 1907-ലെ ബദ്ർ പത്രത്തിൽ ഈ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. മിസ്സിസ്സ് കേരാവിൻ ആണ് ഇതെഴുതിയത്. അവർ എഴുതി: താങ്കൾക്ക് കത്തെഴുതാൻ മാസ

ങ്ങളായി ഞാൻ അങ്ങയുടെ മേൽവിലാസം അന്വേഷിച്ചിരിക്കുകയായിരുന്നു. അവസാനം ഒരാൾ അങ്ങയുടെ മേൽവിലാസം എനിക്ക് തന്നു. (സ്ഥലം ഖാദിയാൻ, കശ്മീർ പ്രദേശം. ഇന്ത്യാരാജ്യം എന്നാണ് കവറിന്റെ പുറത്തെഴുതിയത്. എന്നിട്ടും ആ കത്ത് ഖാദിയാനിലെത്തി.) ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുകയാണ്. ഞാൻ അങ്ങേയ്ക്ക് കത്തെഴുതുന്നു. അങ്ങ് അല്ലാഹുവിന്റെ പരിശുദ്ധ റസൂലാണെന്നും വാഗ്ദത്ത മസീഹിന്റെ ശക്തിയിൽ വന്നിരിക്കുന്നു എന്നുമാണ് പറയപ്പെട്ടിരിക്കുന്നത്. ഞാൻ ഹൃദയാത്മനാ മസീഹിനെ ഇഷ്ടപ്പെടുന്നു. എനിക്ക് ഇന്ത്യയുടെ എല്ലാ കാര്യങ്ങളോടും പ്രത്യേകിച്ച് മതപരമായ കാര്യങ്ങളിൽ താല്പര്യമുണ്ട്. അവിടുത്തെ ക്ഷാമത്തിന്റേയും രോഗത്തിന്റേയും വരൾച്ചയുടേയും വാർത്തകൾ വേദനയോടെയാണ് ഞാൻ കേൾക്കുന്നത്. പരിശുദ്ധരായ ഋഷിമാരുടെ മനോഹരമായ സ്ഥലം ബിംബാരാധനകൊണ്ട് നിറഞ്ഞിരിക്കുന്നതിലും എനിക്ക് വിഷമമുണ്ട്. നമ്മുടെ പ്രഭുവിനും മോക്ഷപ്രാപ്തനായ മസീഹിനും വേണ്ടിയുള്ള അങ്ങയിലെ ആവേശത്തിന് ഞാൻ അങ്ങേയ്ക്ക് ആശംസകൾ നേരുന്നു. അങ്ങ് എനിക്ക് എന്തെങ്കിലും ഉപദേശം എഴുതിയയച്ചു തന്നാൽ അത് സന്തോഷകരമായിരിക്കും. ഞാൻ ജന്മനാ ജർമ്മൻകാരിയാണ്. എന്റെ ഭർത്താവ് ഇംഗ്ലീഷുകാരനായിരുന്നു. അങ്ങ് പുരാതന ഇന്ത്യയുടെ പ്രകാശത്തിന്റെ യഥാർത്ഥ പൗരനാണെന്ന് എനിക്കറിയാം. എങ്കിലും അങ്ങേയ്ക്ക് ഇംഗ്ലീഷ് അറിയാമെന്ന് ഞാൻ കരുതുന്നു. വീണ്ടും എഴുതുന്നു. സാധിക്കുമെങ്കിൽ അങ്ങയുടെ ഒരു ഫോട്ടോ എനിക്കയച്ചുതരിക. ലോകത്തിന്റെ ഈ ഭാഗത്ത് അങ്ങേയ്ക്കുവേണ്ടി എന്തെങ്കിലും സേവനം ചെയ്യാൻ എനിക്ക് കഴിയുമോ? പ്രിയപ്പെട്ട മിർസാ, ഞാൻ അങ്ങയുടെ ആത്മാർത്ഥ സുഹൃത്താണെന്ന് വിശ്വസിച്ചാലും. ഒപ്പ്.

ഇന്നത്തെപോലെ, വഴികൾ ഇത്രമാത്രം എളുപ്പമല്ലാതിരുന്ന കാലഘട്ടത്തിലെ സംഭവമാണിത്. അവിടെ ഒരു അഹ്മദിയും ഉണ്ടായിരുന്നില്ല. എവിടെനിന്ന് അവർക്ക് മേൽവിലാസം കിട്ടിയെന്ന് അറിയില്ല. ഇന്നാണെങ്കിൽ നിങ്ങൾ ഇവിടെ ആയിരക്കണക്കിനാണ്. തബ്ലീഗും ചെയ്യുന്നുണ്ട്. പള്ളികൾ നിർമ്മിക്കാനും ശ്രമിച്ചുവരുന്നു. ഭൗതികതയിലേള്ള ശ്രദ്ധ ജനങ്ങൾക്ക് മുമ്പത്തേക്കാൾ ഇന്ന് കൂടുതലാണെന്നത് ശരിതന്നെ. അവർ ഇന്ന് മതത്തിൽനിന്ന് അകന്നുപോയിരിക്കുന്നു. പക്ഷേ, ഒരു വ്യസനത്തോടെയാണ് അവർ കഴിയുന്നത്. അതുകൊണ്ട്, ലോകത്തിന്റെ വ്യസനം അകറ്റാൻവേണ്ടി നിങ്ങൾ പരിശ്രമിക്കുക. ഇവർക്ക് ഇസ്‌ലാമിന്റെ ഗുണഗണങ്ങൾ പറഞ്ഞുകൊടുക്കുക. ഇസ്‌ലാമിനെ, ജമാഅത്തിനെ പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നെങ്കിൽ ഏത് സ്ഥലത്താണോ പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നത് അവിടെ പള്ളികൾ നിർമ്മിക്കാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. ഇത് ഞാൻ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. പള്ളികൾ തന്നെയാണ് നിങ്ങളെ നല്ലവണ്ണം പരിചയപ്പെടുത്തുന്നത്.

പള്ളികളുടെ വല നിങ്ങളുടെ പ്രബോധനത്തെ എളുപ്പമാക്കിത്തീർക്കും. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക. ഈ പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. പൂർവ്വജർമ്മനിയിൽ നിർമ്മിക്കാൻ പോകുന്ന ഈ ആദ്യപള്ളികൊണ്ട് മാത്രം സന്തുഷ്ടരാകാതിരിക്കുക. മറ്റു പള്ളികൾ നിർമ്മിക്കാനും പരിശ്രമിക്കുക. അല്ലാഹു അതിനുള്ള സാഹചര്യം ഒരുക്കുമാറാകട്ടെ.

ബർലിനിലെ പള്ളി നിർമ്മാണത്തേയും തബ്ലിഗിനേയും സംബന്ധിച്ചുള്ള രണ്ടാം ഖിലാഫത്ത് കാലത്തെ ഒരു ചരിത്രസംഭവം ഞാൻ പറയാം. എഴുതിയിരിക്കുന്നു: ജർമ്മിനിയിൽ ഏറ്റവുമാദ്യം പ്രൊഫ. ഫ്രണേസി എൽ.എൽ.ഡി, ഡോക്ടർ ഓസ്കാ തുടങ്ങിയ പ്രസിദ്ധ എഴുത്തുകാർക്കാണ് അഹ്മദിയ്യത്തിലേക്ക് ശ്രദ്ധയുണ്ടായത്. അവരെ കണ്ടുകൊണ്ട് ബർലിനിലെ കോളേജുകളിലെ പ്രൊഫസർമാരിലും വിദ്യാർത്ഥികളിലും അന്വേഷണത്വരയും സംസാരിക്കാനുള്ള താല്പര്യവും ജനിച്ചു. ഇവിടെ മനോഹരമായ ഇസ്‌ലാമിക കേന്ദ്രം സ്ഥാപിക്കണമെന്നതായിരുന്നു ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ ആഗ്രഹം. അതിനുവേണ്ടി ബർലിനിൽ പള്ളി നിർമ്മിക്കാനും അവിടന്ന് ആഹ്വാനം ചെയ്തു. എന്നാൽ, ജർമ്മനിയുടെ അവസ്ഥകൾ മാറി. കടലാസ് രൂപത്തിലുള്ള രൂപ കാലഹരണപ്പെട്ടു. സ്വർണ്ണനാണയം തൽസ്ഥാനത്ത് വന്നു. ബർലിനിലെ പള്ളി നിർമ്മാണത്തിന് ആദ്യം മുപ്പതിനായിരമാണ് കണക്ക് കൂട്ടിയിരുന്നത്. പിന്നീട് 15 ലക്ഷം കണക്കാക്കി. പക്ഷേ, ഈ പരിതസ്ഥിതി കാരണം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ(റ) പള്ളിനിർമ്മാണ പ്രവർത്തനം മാറ്റിവെച്ചു. യൂറോപ്പിൽ രണ്ട് കേന്ദ്രം സ്ഥാപിച്ച് ശക്തി വീതിക്കുന്നതിനു പകരം തബ്ലീഗ് കേന്ദ്രമായ ലണ്ടനെതന്നെ പ്രബലപ്പെടുത്താനും പടിഞ്ഞാറൻ യൂറോപ്പിൽ ശക്തമായി ഇസ്‌ലാമികപ്രബോധനം വ്യാപിപ്പിക്കാനും തീരുമാനിച്ചു. ഈ തീരുമാനമുണ്ടായത് 1924 മാർച്ചിലാണ്. 1924 മെയ് മാസത്തിൽ

ഇവിടുത്തെ മിഷൻഹൗസ് അടയ്ക്കുകയും ചെയ്തു.

ഇന്ന് ജമാഅത്തിനുമേൽ അല്ലാഹുവിന്റെ അനുഗ്രഹമുണ്ട്. ഇവിടുത്തെ ജർമ്മനി അഹ്മദിയ്യാ ജമാഅത്ത് മറ്റു പള്ളികൾക്കു പുറമെ അതിനോടൊപ്പം ബർലിനിൽ പള്ളിനിർമ്മിക്കാനുള്ള തയ്യാറെടുപ്പിലുമാണ്. ഇവിടുത്തേക്ക് 15 ലക്ഷം രൂപ അന്ന് വളരെ പ്രയാസത്തിലാണ് കിട്ടിയത്. ഇന്ന് നിങ്ങൾ ഒരുപാട് പണം പള്ളിനിർമ്മാണത്തിനായി ചെലവഴിക്കുന്നു. രൂപ കണക്കാക്കി നോക്കുകയാണെങ്കിൽ 7,8 കോടി രൂപ ഇതിനായി വേണ്ടിവരും. അതുകൊണ്ട് ഈ അനുഗ്രഹത്തിന് നാം കൂടുതൽ നന്ദി കാണിക്കുന്നവരായിത്തീരേണ്ടതാണ്. ആദ്യത്തേക്കാൾ അധികം ഇസ്‌ലാമിന്റെ മനോഹരമായ അദ്ധ്യാപനത്തെ തദ്ദേശവാസികൾക്ക് എത്തിച്ചുകൊടുക്കുക. നിങ്ങളുടെ സന്ദേശവും, നിങ്ങളുടെ പള്ളി നിർമ്മാണവും, നിങ്ങളുടെ പ്രവർത്തനവും കാരണത്താൽ ഈ പള്ളികൾ ഈ നാടിന്റെ സമാധാനത്തിന്റെ ചിഹ്നമായിത്തീരട്ടെ. സമാധാനത്തിന്റേയും ശാന്തിയുടേയും ഒരടയാളമായിത്തീരട്ടെ. ഞാൻ പറഞ്ഞതുപോലെ, നമ്മുടെ പള്ളിയുടെ മിനാരങ്ങളിൽനിന്ന് അല്ലാഹുവിന്റെ പ്രകാശകിരണങ്ങൾ പരക്കേണ്ടതാണ്. നബി(സ) തിരുമേനിയുടെമേൽ ഇറക്കപ്പെട്ട മനോഹരമായ അദ്ധ്യാപനങ്ങളിലൂടെ അത് നമുക്ക് പറഞ്ഞുതന്നിട്ടുണ്ട്. ഈ പ്രകാശത്തെ പ്രചരിപ്പിക്കുന്നവരാകാത്തിടത്തോളം, പള്ളികളോടുള്ള കടമ നിറവേറ്റാൻ നമുക്ക് സാധ്യമാകുകയില്ല. അതുകൊണ്ട് പള്ളി നിർമ്മാണോദ്ദേശ്യം തിരിച്ചറിയുന്നവരാകേണ്ടിവരും. എന്താണ് പള്ളിനിർമ്മാണം കൊണ്ടുദ്ദേശിക്കുന്നത്? നമ്മൾ എന്താണ് ചെയ്യേണ്ടത്? അല്ലാഹു പറയുന്നു:

إِنَّمَا يَعْمُرُ مَسٰجِدَ اللّٰهِ مَنْ اٰمَنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ
وَاَقَامَ الصَّلٰوةَ وَاٰتَى الزَّكٰوةَ وَلَمْ يَخْشَ اِلَّا اللّٰهَ فَعَسٰٓى
اُولٰٓئِكَ اَنْ يَّكُوْنُوْا مِنَ الْمُهْتَدِيْنَ ﴿١٨﴾

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുക്കുകയും അല്ലാഹുവിനെയല്ലാതെ മറ്റാരേയും ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവരാരോ അവർ മാത്രമേ അല്ലാഹുവിന്റെ പള്ളികൾ പരിപാലിക്കുകയുള്ളൂ. അത്തരക്കാർ അടുത്തുതന്നെ നേർമാർഗ്ഗം പ്രാപിക്കുന്നവരിൽപെട്ടവരായേക്കാം. (9:18)

ഈ പാഠം, ഈ കല്പന ഓരോ അഹ്മദിയും എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്. കാരണം അല്ലാഹുവിൽ, തികഞ്ഞതും പരിപൂർണ്ണവുമായ വിശ്വാസം ഇല്ലാതെ അല്ലാഹുവിന്റെ വീട് നിർമ്മിക്കുന്നുവെന്ന വാദം തെറ്റാണ്. അതിന്റെ അടിത്തറ തഖ്‌വയിലായിരിക്കണം. അല്ലാഹുവിൽ വിശ്വസിക്കുന്നതിന്റെ നിബന്ധന അല്ലാഹു പറഞ്ഞതെന്താണ്? അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്ന് പറയുന്നതുകൊണ്ട് മാത്രം കാര്യമില്ല. അല്ലാഹുവിൽ വിശ്വസിക്കുന്നതിന് ചില നിബന്ധനകൾ പൂർത്തിയാക്കേണ്ടതും നിർബന്ധമാണ്. ഉദാഹരണത്തിന് നിങ്ങൾ വിശ്വസിക്കുന്നതിനുള്ള ഒരു നിബന്ധന, ഏറ്റവും അധികം തന്നെ സ്നേഹിക്കണം എന്നതാണെന്ന് അല്ലാഹു പറയുന്നു.

***വല്ലദീന ആമനൂ അശദ്ദു ഹുബ്ബൻലില്ലാഹ്*** (2:166) സത്യവിശ്വാസിയുടെ ദൃഷ്ടിയിൽ അന്യദൈവങ്ങൾക്കും പണത്തിനും, വസ്തുവകകൾക്കും, സ്വർണ്ണത്തിനും വെളളിക്കും, ആഭരണത്തിനും ബന്ധുക്കൾക്കും കുട്ടികൾക്കും ഒരു പ്രാധാന്യവും ഉണ്ടാകാൻ പാടില്ല. മറഞ്ഞിരിക്കുന്ന ഏതെങ്കിലും ശിർക്കിലോ, പരസ്യമായ ഏതെങ്കിലും ശിർക്കിലോ അകപ്പെടാൻ പാടില്ല. ഇങ്ങനെയുള്ളവരെക്കുറിച്ചാണ് അല്ലാഹുവിൽ വിശ്വസിച്ചവരെന്ന് പറയാൻ കഴിയുക. എല്ലാത്തരം അത്യാഗ്രഹങ്ങൾക്കും സ്വാർത്ഥലാഭത്തിനും അതീതരായിക്കൊണ്ട് പള്ളിയിൽ അല്ലാഹുവിനെ ആരാധിക്കാൻ വേണ്ടിമാത്രം അവർ വരുന്നു. അല്ലാഹുവിൽ വിശ്വസിക്കുന്നവരുടെ അടയാളമായി മറ്റൊന്ന് പറഞ്ഞത്, അല്ലാഹുവിന്റെ പേര് പറഞ്ഞാൽ അവരുടെ ഹൃദയം ഭയക്കുമെന്നാണ്. പറഞ്ഞു.

***ഇദാ ദുകിറല്ലാഹു വജിലത് ഖുലൂബുഹും*** അല്ലാഹുവിന്റെ കല്പനകൾ അവരോട് പറഞ്ഞാൽ അവർ പെട്ടെന്ന് അതിലേക്ക് ശ്രദ്ധിക്കുന്നു. നന്ദികേടുകൊണ്ട് പിടിക്കപ്പെടുമോ എന്ന് ഭയക്കുന്നു. (8:3)

ചിലയാളുകൾ- ഇവിടെ ഒന്നോ രണ്ടോ ഉണ്ടാവുകയുള്ളൂ- ലോകത്ത് എവിടെയാണെങ്കിലും വളരെ ശ്രദ്ധിച്ച് ഖുത്ബകൾ കേൾക്കുന്നു. ജമാഅത്തിന്റെ യോഗത്തിലും പങ്കെടുക്കുന്നു. പക്ഷേ, പ്രവർത്തിക്കാൻ ശ്രമിക്കുകയില്ല. എന്നല്ല, അവർ പറയുന്നത്, അല്ലാഹുവിന്റേയും റസൂലിന്റേയും കാര്യങ്ങൾ പറയുക എന്നത് കാലത്തിന്റെ ഖലീഫയുടെ തൊഴിലാണ്. അദ്ദേഹം പറഞ്ഞു, നിങ്ങളും കേട്ടു ഞങ്ങളും കേട്ടു. പക്ഷേ ഞങ്ങളുടെ മനസ്സ് പറയുന്നതേ ഞങ്ങൾ ചെയ്യൂ. ഇത്തരക്കാരുടെ ഈമാൻ ഏതവസ്ഥയിലാണെന്ന് അവർ ആത്മപരിശോധന നടത്തിനോക്കട്ടെ.

വിശ്വസിക്കുന്നവരുടെ മറ്റൊരടയാളം പറ

ഞ്ഞത് അവരുടെ ഈമാൻ വളരുന്നതിന് ഓരോ ദിവസവും കാരണമാകുമെന്നാണ്. അതായത്, ഓരോ ദിവസവും പുതിയൊരു മാറ്റമുണ്ടാകുന്നു. ഉദിച്ചുയരുന്ന ഓരോ ദിവസവും നിങ്ങളുടെ വിശ്വാസത്തിലും ദൈവഭയത്തിലും വർദ്ധനവിന് കാരണമാകുന്നുണ്ടോ, അതല്ല മുരടിച്ചുനില്ക്കുകയാണോ എന്ന് ആത്മപരിശോധന നടത്തേണ്ടതാണ്.

മറ്റൊരടയാളം, അവരെ അല്ലാഹുവിലേക്കും റസൂലിലേക്കും വിളിച്ചാൽ ഞങ്ങൾ കേട്ടു ഇനി ഞങ്ങൾക്ക് ഇഷ്ടമുള്ളത് ചെയ്യും എന്നു പറയാതെ ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിച്ചു എന്നായിരിക്കും പറയുക. ഈ മറുപടി അല്ലായെങ്കിൽ അല്ലാഹുവിലുള്ള വിശ്വാസവും പൂർണ്ണമല്ല, അല്ലാഹു സ്തുതിച്ചു പറഞ്ഞ പള്ളികൾ ജനവാസമുള്ളതാക്കി തീർക്കുന്നവരിൽപെടുകയുമില്ല.

അല്ലാഹുവിൽ പരിപൂർണ്ണ വിശ്വാസമുള്ളവർ, പ്രണമിക്കുമ്പോൾ പരിപൂർണ്ണ അനുസരണത്തോടുകൂടി പ്രണമിക്കുന്നവരും അല്ലാഹുവിന് സ്തോത്രം ചെയ്യുന്നവരും അവനെ സ്തുതിക്കുന്നവരുമായിരിക്കും. അല്ലാഹുവിൽ വിശ്വസിക്കുന്നവരുടെ മറ്റൊരടയാളം അവർ ഒരുഭാഗത്ത് അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്ന് വാദിക്കുകയും മറുഭാഗത്ത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും എതിരാളികളോട് സ്നേഹത്തോടെ പെരുമാറുകയും ചെയ്യുന്നവരായിരിക്കുകയില്ല എന്നതാണ്. ഒരുഭാഗത്ത് കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നുവെന്ന് വാദിക്കുക, മറുഭാഗത്ത് എതിരാളികളുമായി സ്നേഹബന്ധം പുലർത്തുക. ഇത് രണ്ടും ഒരിടത്ത് ചേരുകയില്ല. ഈമാന്റെ അടയാളം അല്ലാഹുവിനോടും അവന്റെ റസൂലിനോടും അവന്റെ വ്യവസ്ഥിതിയോടും ഏറ്റവുമധികം സ്നേഹബന്ധം പുലർത്തുന്നവരായി ത്തീരുക എന്നതാണ്. ഇത് എന്തുകൊണ്ടുണ്ടായി, അത് എന്തുകൊണ്ടുണ്ടായി എന്ന് മനസ്സിലൊരിക്കലും തോന്നരുത്. ഇതിൽനിന്നെല്ലാം അകലുമ്പോഴാണ് നിങ്ങൾ പൂർണ്ണവിശ്വാസികളെന്ന് പറയപ്പെടുന്നത്.

അല്ലാഹുവിൽ വിശ്വസിക്കുന്നവർ നടപ്പിലാക്കേണ്ട വേറെയും ചില കാര്യങ്ങളുണ്ട്. ഞാൻ ഓതിയ വചനത്തിൽ പരലോകത്തിലുള്ള വിശ്വാസത്തെക്കുറിച്ചും പറയുകയുണ്ടായി. പരലോകത്തിൽ യഥാർത്ഥവിശ്വാസം ഉണ്ടെങ്കിൽ അല്ലാഹുവിലുള്ള വിശ്വാസത്തെ ബലഹീനമാക്കുന്ന ഒരുകാര്യവും പറയുകയില്ല.

ഹദ്റത്ത് മീസഹ് മൗഊദ്(അ) പറയുന്നു. "ശയ്ത്വാന്റെ ദുർബോധനങ്ങൾ അധികമാണ്. ഏറ്റവും ഭയാനകമായ ദുർബോധനവും സംശയവും മനുഷ്യന്റെ മനസ്സിലുണ്ടാകുകയും അവന്റെ ഇഹലോകവും പരലോകവും നഷ്ടപ്പെടുത്തിക്കളയുകയും ചെയ്യുന്നത് പരലോകത്തെ സംബന്ധിച്ചിട്ടുള്ളതാണ്. കാരണം എല്ലാ നന്മകളുടേയും വലിയ മാർഗ്ഗം മറ്റുള്ള എല്ലാ മാർഗ്ഗങ്ങൾക്കും കാരണങ്ങൾക്കും പുറമെ പരലോകത്തിലുള്ള വിശ്വാസമാണ്. മനുഷ്യൻ പരലോകത്തേയും അതിലെ കാര്യങ്ങളേയും പഴങ്കഥകളായി മനസ്സിലാക്കുമ്പോൾ അത് അവന് തടയപ്പെട്ടു എന്നു മനസ്സിലാക്കുക. ഇരുലോകവും അവന് നഷ്ടപ്പെട്ടുപോയി. പരലോകഭയം മനുഷ്യനെ ഈശ്വരജ്ഞാനത്തിന്റെ യഥാർത്ഥമായ ഉറവിടത്തിലേക്ക് പതുക്കെ പതുക്കെ കൊണ്ടുവരുന്നു. ദൈവഭയം കൂടാതെ യഥാർത്ഥ ഈശ്വരജ്ഞാനം ലഭിക്കുകയില്ല. പരലോകത്തെ സംബന്ധിച്ച് ദുർബോധനമുണ്ടാകുമ്പോൾ അത് ഈമാനെ അപകടത്തിൽപെടുത്തുന്നു. ശുഭപര്യവസാനത്തിൽ വിള്ളലുകൾ സൃഷ്ടിക്കുന്നു."

ആർക്കാണോ പരലോകത്തിൽ ഭയമുണ്ടാകുന്നത് അയാൾക്ക് യഥാർത്ഥമായ ഈശ്വരജ്ഞാനം ലഭിക്കുന്നു. അയാൾ നന്മയിൽ അഭിവൃദ്ധിപ്പെടുകയും ചെയ്യും. തന്റെ ആരാധനയുടെ നിലവാരവും മെച്ചപ്പെടുത്തും. അത്തരക്കാരുടെ ആരാധനയാണ് ശരിയായ ആരാധന എന്നു അല്ലാഹു പറഞ്ഞിരിക്കുന്നു. അവർ തന്നെയാണ് പള്ളികൾ ജനവാസമുള്ളവരാക്കിത്തീർക്കുന്നവരും. പള്ളികളെ ജനവാസമുള്ളവരാക്കിത്തീർക്കുന്നവരാണ് നമസ്കാരം നിലനിർത്തുന്നവർ എന്നും പറഞ്ഞിരിക്കുന്നു.

പള്ളികൾ നിർമ്മിക്കാൻ കുറച്ച് പണം നൽകി, ജമാഅത്തിനോട് വലിയ ഔദാര്യം ചെയ്തിരിക്കുന്നുവെന്ന് അവർ കരുതുകയില്ല. എന്നല്ല, പള്ളികൾ നിർമ്മിച്ചതിനുശേഷം അതിനെ ജനവാസമുള്ളതാക്കി നിർത്താനും അവർ ശ്രദ്ധിക്കുന്നു. ജമാഅത്തായി നമസ്കരിക്കാൻ പള്ളികളിൽ വരുന്നു. സുബ്ഹി നമസ്കാരനേരത്ത് കിടക്കയിൽ അവർ കമിഴ്ന്നു കിടക്കുകയില്ല. ഇക്കാലത്ത് ഇവിടെ രാത്രി വളരെ ദൈർഘ്യമുള്ളതാണ്. ചൂടുകാലത്ത് മിക്കവരുടേയും ഈമാനിക അവസ്ഥ മനസ്സിലാക്കാൻ കഴിയും. നമസ്കാരം ജമാഅത്തായിട്ട് നമസ്കരിക്കുന്നതിനും ശ്രദ്ധയുണ്ടാകേണ്ടതാണ്.

പള്ളികൾ ജനവാസമുള്ളതാക്കി നിർത്തുന്നവരുടെ അടയാളം പിന്നീട് പറഞ്ഞത് അവർ സക്കാത്ത് കൊടുക്കുന്നവരായിരിക്കുമെന്നാണ്. ഒരിക്കൽ പള്ളി നിർമ്മിക്കാൻ പണം കൊടുത്തശേഷം

അത് വലിയ തുകയാണെങ്കിൽപോലും സ്വതന്ത്ര നായി മാറിനില്ക്കുകയില്ല. മറിച്ച് സക്കാത്തിലേക്കും ജമാഅത്തിന്റെ മറ്റു ചന്ദകളിലേക്കും അവർ ശ്രദ്ധി ക്കുന്നതായിരിക്കും. ഈ ശ്രദ്ധ നിലനില്ക്കുകയും അല്ലാഹുവിനോടുള്ള ഭയം എല്ലാ ഭയത്തേക്കാളും അതിജയിച്ചുനില്ക്കുകയും ഇസ്ലാമിനും ശരീഅ ത്തിനും വിരുദ്ധമായ പ്രവർത്തനം ചെയ്യാതിരിക്കു കയും സമസൃഷ്ടികളോടുള്ള കടമ നിറവേറ്റുകയും ചെയ്യുകയാണെങ്കിൽ നിങ്ങളുടെ പള്ളികൾ ആരാ ധനകളുടേയും സ്വാത്മപരിത്യാഗികളുടേയും മാതൃക കാഴ്ചവെക്കുന്നതാണ്. ഇത്തരക്കാർ അല്ലാഹുവിന്റെ അനുഗ്രഹത്തെ സ്വരുക്കൂട്ടുന്നവരായിരിക്കും. അല്ലാ ഹുവിന്റെ അനുഗ്രഹത്തിന് അവകാശികളുമായിരി ക്കും. ഏതൊരുദ്ദേശ്യത്തിനായിട്ടാണോ അവർ എഴു ന്നേറ്റത് അതിൽ അവർ വിജയം വരിക്കുന്നതാണ്. അവർ തങ്ങളുടെ പ്രാർത്ഥനകളുടെ അമ്പു കൾകൊണ്ട് എതിരാളികളുടെ ആക്രമണത്തെ ചെറുത്തു പരാജയപ്പെടുത്തുന്നു. ഈ ചിന്തയോടു കൂടി നിങ്ങൾ പള്ളികൾ നിർമ്മിക്കുക, അതിനെ ജന വാസമുള്ളതാക്കിത്തീർക്കുക. അപ്പോൾ നിങ്ങൾ നിങ്ങളുടെ പരലോകം ഒരുക്കുന്നതിനോടൊപ്പം ജന ങ്ങളുടെ ഭാഗ്യവും ഒരുക്കുന്നവരായിത്തീരും. ഇക്കാ ലത്ത് ലോകത്ത് ഒരുപാട് പള്ളികളുണ്ട്. അത് അല്ലാ ഹുവിന്റെ അനുഗ്രഹം സ്വരുക്കൂട്ടുന്നതിന് പകരം അല്ലാഹുവിന്റെ വെറുപ്പ് വിളിച്ചുവരുത്തുന്നതാണ്. ഒരു ഹദീസിൽ നബി(സ) തിരുമേനി അതിങ്ങനെ ചിത്രീകരിച്ചിരിക്കുന്നു. ഹദ്റത്ത് അലി(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. എന്റെ ഉമ്മത്തിലൊരു കാലം വരാൻ പോകുന്നു. ഇസ്ലാമിന്റെ പേരുമാ ത്രമേ അവശേഷിക്കുന്നുള്ളൂ. ഖുർആനിലെ ലിപി കൾ മാത്രമേ ബാക്കിയുണ്ടാവുകയുള്ളൂ. അക്കാലത്ത് ജനങ്ങളുടെ പള്ളികൾ പ്രത്യക്ഷത്തിൽ ജനനിബി ഢമായിരിക്കും. പക്ഷേ, അതിൽ സന്മാർഗ്ഗമുണ്ടായി രിക്കുകയില്ല. ***മസാജിദുഹും ആമിറത്തുൻ വഹിയ ഖറാബുൻമിനൽ ഹുദാ***. ആലിംകൾ ആകാശ ത്തിൻകീഴിൽ ഏറ്റവും നികൃഷ്ടജീവികളായിരിക്കും. അവരിൽനിന്ന് ഫിത്ന പുറപ്പെടുകയും അവരിലേ ക്കുതന്നെ അത് മടങ്ങുകയും ചെയ്യും.

ഇന്ന് പള്ളികളിൽ നമസ്കാരം നടക്കുന്നില്ലേ? ഇപ്പോൾ നമ്മുടെ എതിരാളികൾ കൂടുതൽ ശക്ത മായ നിലയിൽ നമസ്കരിക്കുന്നുണ്ട്. എല്ലാ കർമ്മ ങ്ങളും ചെയ്യുന്നുണ്ട്. പക്ഷേ, അല്ലാഹു ഈമാനിന് എന്ത് നിബന്ധനയാണോ പറഞ്ഞിട്ടുള്ളത് കാല ത്തിന്റെ ഇമാമിനെ വിശ്വസിക്കാത്തതുകൊണ്ട് അവ ർക്കത് പൂർത്തിയാക്കാൻ കഴിയുന്നില്ല.

അല്ലാഹു നിങ്ങളുടെമേൽ ചൊരിഞ്ഞിരിക്കുന്ന അനുഗ്രഹത്തിന് കൂടുതലായി അവന്റെ മുമ്പിൽ പ്രണമിക്കുക. ഈ അനുഗ്രഹത്തിന്റെ പരമ്പര എന്നെന്നും നിലനില്ക്കുന്നതിനായി അവൻ പറഞ്ഞ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട് അവനെ ആരാധിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. "പള്ളികളുടെ യഥാർത്ഥ സൗന്ദര്യം കെട്ടിടവുമായി ട്ടല്ല, പ്രത്യുത, ആത്മാർത്ഥതയോടെ നമസ്കരിക്കു ന്നവരുമായിട്ടാണ്." അതിനാൽ പുതിയ പള്ളികൾ നാം നിർമ്മിക്കുമ്പോൾ ഈ ചിന്താഗതിയോടെ വേണം നിർമ്മിക്കേണ്ടത്.

അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടന്നു കൊണ്ട് പള്ളികൾ നിർമ്മിക്കാനും അതിനെ ജനവാ സമുള്ളതാക്കിത്തീർക്കാനും അവൻതന്നെ നമുക്ക് സൗഭാഗ്യം നല്കുമാറാകട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 29.12.2006 at Bait-us-subuh, Germany

*Translated by: Muhammad Ismail, Alleppey*
0497 2702562; Mob: 94466 56123
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala